**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *255</u> <u>20.12.2012-ൽ മറുപടിയ്ക്ക്</u>

# <u>റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്നതിന് പദ്ധതി</u>

**<u>ചോദ്യം</u>**

**ശ്രീ.ഹൈബി ഈഡൻ**
**,, എം.പി.വിൻസെന്റ്**
**,, പാലോട് രവി**
**,, വർക്കല കഹാർ**

**<u>മറുപടി</u>**

**ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**
(പൊതുമരാമത്ത് വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്തെ റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കി.മീ റോഡുകൾ അടുത്ത അഞ്ചുവർഷത്തിനുള്ളിൽ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള സംസ്ഥാന റോഡ് വികസന പദ്ധതിക്ക് (സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ്) സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി കേരള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) എത്ര കിലോമീറ്റർ റോഡുകളാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) 1204 കി.മീ റോഡുകളാണ് റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത റീഹാബിലിറ്റേഷൻ പാക്കേജിൽ 551 കി.മീ റോഡുകളും ചില സ്ഥലങ്ങളിൽ സ്ഥലമേറ്റെടുക്കൽ വേണ്ടിവരുന്ന അപ്ഗ്രഡേഷൻ പാക്കേജിൽ 653 കി.മീ റോഡുകളുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതിയിലെ റീഹാബിലിറ്റേഷൻ പാക്കേജിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് M/s വിൽബർ സ്മിത്ത് അസോസിയേറ്റ്സ്, ബാംഗ്ലൂർ എന്ന കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (ഡി) പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (ഡി) പദ്ധതിയിൽ വികസിപ്പിക്കാനുദ്ദേശിക്കുന്ന റോഡുകൾ തെരഞ്ഞെടുക്കുന്നതിനായി നിയോഗിച്ച കൺസൾട്ടന്റ് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത റീഹാബിലിറ്റേഷൻ പാക്കേജ്, ചില സ്ഥലങ്ങളിൽ വളവുകൾ നിവർത്തുന്നതിനും ജംഗ്ഷൻ വികസിപ്പിക്കുന്നതിനും മറ്റുമായി അത്യാവശ്യം വേണ്ട സ്ഥലമേറ്റെടുക്കൽ വേണ്ടി വരുന്ന അപ്ഗ്രഡേഷൻ പാക്കേജ് എന്ന രീതിയിലാണ് റോഡ് വികസന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. |
| (ഇ) പദ്ധതിയുടെ ചെലവിനുള്ള തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | (ഇ) റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള 551 കി.മീ റോഡുകൾ നവീകരിക്കുന്നതിനുവേണ്ടി ഏകദേശം 892.11 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഈ പാക്കേജ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (Public Private Participation) ബി.ഒ.റ്റി (Build Own Transfer) ആന്വിറ്റി രീതിയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അപ്ഗ്രഡേഷൻ പാക്കേജിൽ വരുന്ന 653 കി.മീ റോഡുകളുടെ വികസനത്തിനാവശ്യമായ തുക ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ